**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1539** **12.06.2019 ലെ മറുപടിക്ക്**

## <u>നാളികേരകൃഷി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി. വി രാജേഷ് | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) നാളികേര കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് കേരള നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) നാളികേര കൃഷി വികസനത്തിനായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) സംസ്ഥാനത്ത് 181 കേരഗ്രാമങ്ങൾ 258 പഞ്ചായത്തുകളിലായി നടപ്പിലാക്കിയിട്ടുണ്ട്. 250 ഹെക്ടർ വീതം തെങ്ങുകൃഷി വിസ്തൃതിയുള്ള 55 കേരഗ്രാമങ്ങൾ 2019-20 വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈകൊണ്ടിട്ടുണ്ട്. ശാസ്ത്രീയ പരിപാലന മുറകൾ നടപ്പാക്കി തെങ്ങിന്റെ ഉത്പാദനക്ഷമതയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനുള്ള ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നടപ്പു വർഷം ഇതിലേക്കായി 4300 ലക്ഷം രൂപ ബജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ട്.<br>കേരകൃഷിയുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് കേരകൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പു വരുത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടു കൂടി നാളികേര വികസന കൗൺസിൽ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നാളികേര വികസന കൗൺസിൽ പദ്ധതിപ്രകാരം 75 തെങ്ങിൻ തൈകൾ വീതം വാർഡ് ഒന്നിന് എന്ന തോതിൽ കേരഗ്രാമങ്ങൾ ഉൾപ്പെട്ട 300 പഞ്ചായത്തിലും കൂടാതെ തെരഞ്ഞെടുത്ത 200 പഞ്ചായത്തിലും 50% സബ്സിഡി നിരക്കിൽ നൽകുന്നതിനുള്ള നടപടികൾ CPCRI, KAU, CDB, കൃഷി വകുപ്പ് എന്നിവ മുഖേന സ്വീകരിച്ചുവരുന്നു. നാളികേര വികസന കൗൺസിൽ പദ്ധതികൾക്ക് 2019-20 വർഷം 1900 ലക്ഷം രൂപ |

| | |
|---|---|
| | വകയിരുത്തിയിട്ടുണ്ട്.<br>കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി യോജിച്ച് കൃഷി വകുപ്പ് മുഖേന നാളികേര വികസനത്തിനുള്ള പ്രോജക്ട് അധിഷ്ഠിത സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും സർക്കാർ നടപ്പിലാക്കുന്നതാണ്. ഇതിനായി 2019-20 വർഷം 50 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി നീക്കി വച്ചിരിക്കുന്നു.<br>തെങ്ങിൻ തോട്ടങ്ങളിലെ കീടരോഗ പരിപാലനം ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് കൃഷി വകുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിലേക്കായി നടപ്പ സാമ്പത്തിക വർഷം 250 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾകൊള്ളിച്ചിട്ടുണ്ട്.<br>നാളികേര വികസനത്തിന് പദ്ധതിയധിഷ്ഠിത സഹായം നൽകുന്നതിലേയ്ക്കായി 100 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതാണ്. നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ട് പുതിയ പരിസ്ഥിതി സൗഹൃദ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനും നാളികേരത്തിന്റെയും വെളിച്ചെണ്ണ ഉൾപ്പെടെയുള്ള ഉല്പന്നങ്ങളുടെയും ആരോഗ്യ ഗുണങ്ങൾ പ്രചരിപ്പിക്കുന്നതിനും അവയുടെ ഉപയോഗംവർദ്ധിപ്പിക്കുന്നതിനുമായി ബ്ലോക്ക് തലത്തിൽ ക്യാമ്പയിനുകളും സംഘടിപ്പിക്കുന്നതാണ്.<br>2019-20 വർഷം 6900.00 ലക്ഷം രൂപയുടെ പദ്ധതികളാണ് സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.<br>സംസ്ഥാന പദ്ധതി കൂടാതെ കേന്ദ്ര നാളികേര വികസന ബോർഡ് മുഖേനയുള്ള കേന്ദ്ര പദ്ധതികളും നാളികേര വികസനത്തിനായി നടപ്പിലാക്കുന്നതാണ്. |

ഡെപ്യൂട്ടി സെക്രട്ടറി